# <u>ശിശുദിനം ആഘോഷിച്ചു</u>

നാലാഞ്ചിറ: സർവോദയ വിദ്യാലയത്തിൽ ശിശുദിനം വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. ചാച്ചാജിയുടെ വേഷം ധരിച്ച് കുട്ടികൾ വർണാഭമായ കലാപരിപാടികൾ സംഘടിപ്പിച്ചു. നെഹ്റുവിന്റെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുകയും അവ സമൂഹ നന്മക്കായി ഉപയോഗിക്കുമെന്നും കുട്ടികൾ പ്രതിജ്ഞ ചെയ്തു. പ്രിൻസിപ്പൽ പ്രൊഫ. ഡോ. ഷേർളി സ്റ്റുവർട്ട്, ബർസാർ റവ. ഫാ. ജോൺ മുരുപ്പേൽ എന്നിവർ പ്രസംഗിച്ചു.